മൗനത്തേക്കാൾ നിശ്ശബ്ദമായത്

നിബ്ബ്

കുഞ്ഞിക്കണ്ണൻ വാണിമേൽ

ഗിരീഷ് പുത്തഞ്ചേരി

ശിവജി ഗുരുവായൂർ

പി.എൻ ഗോപീകൃഷ്ണൻ

ഗിരീഷിന് പാട്ടും പാട്ടെഴുത്തും ഉന്മാദമായിരുന്നു. ആത്മാർപ്പണം. വാക്കുകളെ നക്ഷത്രങ്ങളെപ്പോലെ ഗിരീഷ് സ്നേഹിച്ചിരുന്നു. ഗിരീഷിന്റെ മനസ്സിൽ വാക്കുകൾ പൂത്ത്, മൊട്ടുകളായി വിരിഞ്ഞ് ഫലങ്ങളായി മാറിക്കൊണ്ടിരുന്നു. വിരാമമില്ലാതെ. ഗംഗാപ്രവാഹമായി. പല രാവറുതിയിലും ഗിരീഷിന്റെ മനസ്സിലും കണ്ണിലും സൂര്യകിരീടങ്ങൾ വീണുടഞ്ഞു.

നാം ഉത്തരം തേടുന്നില്ല. അംഗീകരിക്കുകയാണ് ചെയ്യുന്നത്. അപ്പോൾ ജീവിതം കൂടുതൽ തീവ്രവും കൂടുതൽ ഉത്കൃഷ്ടവുമാകും. കാരണം നാം ഓരോ നിമിഷവും വയ്ക്കുന്ന ഓരോ ചുവടിനും വ്യക്തികൾപ്പുറം പോകുന്ന അർത്ഥതലമുണ്ടെന്ന് നാം മനസ്സിലാക്കുന്നു. സ്ഥലകാലങ്ങളിലെവിടെയോ ഈ ചോദ്യത്തിന് നിശ്ചയമായും ഉത്തരമുണ്ടെന്നും നാം ഇവിടെ ഉണ്ടായതിന് ഒരു കാരണമുണ്ടെന്നും തിരിച്ചറിയുന്നു. നമ്മെ സംബന്ധിച്ചിടത്തോളം അത് ധാരാളമാണ്.- (ബ്രിഡ -പൗലോ കൊയ്ലോ, ഡിസി ബുക്സ്). പൗലോ കൊയ്ലോ എഴുതിയത് മനുഷ്യജീവിതത്തെ പൊതിഞ്ഞു നിൽക്കുന്ന സമസ്യയാണ്. എഴുത്തിന്റെ ലക്ഷ്യങ്ങളിലൊന്ന് വായനയെ ഇങ്ങനെ ആഴങ്ങളിലേക്ക് ഇറക്കിനിർത്തലാണ്. സംസ്കാരവും സർഗാത്മകതയും സമന്വയിക്കുന്ന മൗനത്തേക്കാൾ നിശബ്ദമായ (കടപ്പാട് : കെ. പി. അപ്പൻ) ഇടപെടലുകൾ ഓർമ്മപ്പെടുത്തുന്നതും മറ്റൊന്നല്ല.

ഗിരീഷ് പുത്തഞ്ചേരി

ഗിരീഷിന് പാട്ടും പാട്ടെഴുത്തും ഉന്മാദമായിരുന്നു. ആത്മാർപ്പണം. വാക്കുകളെ നക്ഷത്രങ്ങളെപ്പോലെ ഗിരീഷ് സ്നേഹിച്ചിരുന്നു. ഗിരീഷിന്റെ മനസ്സിൽ വാക്കുകൾ പൂത്ത്, മൊട്ടുകളായി വിരിഞ്ഞ് ഫലങ്ങളായി മാറിക്കൊണ്ടിരുന്നു. വിരാമമില്ലാതെ. ഗംഗാപ്രവാഹമായി. പല രാവറുതിയിലും ഗിരീഷിന്റെ മനസ്സിലും കണ്ണിലും സൂര്യകിരീടങ്ങൾ വീണുടഞ്ഞു. ശബ്ദതാരാവലിയാണ് എന്റെ നിധി എന്ന് അഭിമാനിച്ച ഗാനരചയിതാവായിരുന്നു ഗിരീഷ് പുത്തഞ്ചേരി.

ഭാഷാവബോധമാണ് ഈ എഴുത്തുകാരന്റെ കരുത്ത്. പാട്ടെഴുതുന്ന ഗിരീഷിനു മുമ്പിൽ കവിതയും തിരക്കഥയും പതുങ്ങിനിന്നുകൊണ്ടിരുന്നു. അവ മുന്നിലേക്ക് വന്ന സന്ദർഭങ്ങളിലെല്ലാം മലയാളത്തിന് കനപ്പെട്ട കവിതയും തിരക്കഥയും ലഭിച്ചിട്ടുണ്ട്. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും സജ്ജമായ ജന്മമായിരുന്നു ഗിരീഷിന്റേത്.

ഗുരുനാഥന്മാരെയും സഹപ്രവർത്തകരെയും സ്നേഹിതരെയും ഒരുപോലെ ഗിരീഷ്

നെഞ്ചേറ്റിയിരുന്നു. കടലുപോലെ സ്നേഹം നിറഞ്ഞ മനസ്സിൽ ചിലപ്പോൾ പിണക്കത്തിന്റെ കാർമേഘം ഒളിച്ചുകളിക്കാറുണ്ട്. അങ്ങനെയൊരു സംഭവം- വടക്കുംനാഥന്റെ തിരക്കഥ പുസ്തകമാക്കാൻ കോഴിക്കോട്ടെ ഒരു പ്രസാധക സുഹൃത്ത് ഗിരീഷിനോട് ചോദിക്കാൻ ആവശ്യപ്പെട്ടു. കാര്യം ഞാൻ സൂചിപ്പിച്ചു. പ്രസാധകർക്കിടയിലെ ക്ലിക്കുകളിൽ അകപ്പെട്ടത് അറിഞ്ഞുകൊണ്ടായിരുന്നില്ല. എന്റെ നിരപരാധിത്വം ഗിരീഷിനോടും തിരക്കഥ പുസ്തകമാക്കിയ സ്നേഹിതനോടും തുറന്നുപറഞ്ഞപ്പോൾ ആ പിണക്കം മാറിക്കിട്ടി. ഒരു സൗഹൃദം നഷ്ടപ്പെടുമ്പോൾ ജന്മസുകൃതമാണ് നഷ്ടമാകുക- ഗിരീഷ് പുത്തഞ്ചേരി ഇക്കാര്യം ഓർമ്മപ്പെടുത്തിയിരുന്നു. അനുഭവങ്ങളുടെ പാഠപുസ്തകമായി മനസ്സിൽ നിറയുന്ന വാക്കുകൾ.

പുതിയ കവിത

ഇടിക്കാലൂരി പനമ്പട്ടടി

കേരളത്തിൽ പ്രവേശിച്ച ശേഷം

എന്തു സംഭവിച്ചു?- (ഇടിക്കാലൂരി പനമ്പട്ടടി, മാതൃഭൂമി മാർച്ച്7) പി. എൻ. ഗോപീകൃഷ്ണന്റെ കവിത. കേരളത്തിൽ എന്തു സംഭവിച്ചു ഇതാണ് ചോദ്യം. ഉത്തരം കണ്ടെത്താൻ കേരളചരിത്രവും ലോകചരിത്രവും കയറിയിറങ്ങുകയാണ് കവി. സംശയങ്ങൾ നിരവധി ബാക്കിനിർത്തി ഗോപീകൃഷ്ണൻ മാറിനിൽക്കുന്നതിങ്ങനെ: ചുണ്ടിൽ തണുത്തുരുണ്ടു പതിഞ്ഞ ഒരു നാമജപം.- ആധുനിക മനുഷ്യന്റെ ഗതിവിഗതികളും ബോധാബോധങ്ങളും ഇഴചേർക്കുന്ന രചന. ഈ പരീക്ഷണക്കുറിപ്പിൽ കവിയും കവിതയുമുണ്ട്.

കുരുടൻ മൂങ്ങ

കേരളത്തിന്റെ സമീപകാല സാമൂഹികാവസ്ഥയാണ് കുരുടൻ മൂങ്ങയുടെ രംഗഭാഷ. പ്രശസ്ത ചിത്രകാരനും എഴുത്തുകാരനുമായ ഗായത്രി രചനയും സംവിധാനവും നിർവ്വഹിച്ച കുരുടൻ മൂങ്ങ ഏക കഥാപാത്ര കേന്ദ്രീകൃതമാണ്. കുന്നുംപുരയ്ക്കൽ മുകുന്ദൻ മാഷ്. അദ്ദേഹത്തിന്റെ മകൾ ക്രൂരമായ പീഡനത്തിന് ഇരയായി കൊല്ലപ്പെട്ടു. എട്ടുവയസ്സുകാരിയുടെ മരണവും നിയമനടപടികളും മുകുന്ദൻ മാഷുടെ ജീവിതം ദുരന്ത ഭൂമികയാക്കി. മകളെ കൊലചെയ്ത ചെറുപ്പക്കാരൻ കോടതി ശിക്ഷയിൽ നിന്നും സംശയത്തിന്റെ ആനുകൂല്യത്തിൽ രക്ഷപ്പെടുന്നു. പക്ഷേ, മുകുന്ദൻ മാഷുടെ കോടതി അയാൾക്ക് വധശിക്ഷ നടപ്പാക്കി. എന്നാൽ മുകുന്ദൻ മാഷക്ക് കൊലക്കുറ്റത്തിൽ നിന്നും രക്ഷനേടാൻ ഒരു സംശയത്തിന്റെ ആനുകൂല്യവും കിട്ടുന്നില്ല. മാഷക്ക് മരണശിക്ഷ തന്നെ ലഭിച്ചു. മുകുന്ദൻ മാഷുടെ ഉയിർത്തെഴുന്നേൽപ്പാണ് ഈ നാടകം. മുകുന്ദൻ മാഷുടെ ആത്മഗതത്തിലൂടെ ചുരുൾ നിവരുന്ന കഥ. നീതിന്യായം പാവപ്പെട്ടവർക്ക് അപ്രാപ്യമാകുന്ന വ്യവസ്ഥിതിക്കുനേരെയാണ് കുരുടൻ മൂങ്ങ പ്രേക്ഷകരെ നടത്തിക്കുന്നത്. ദൈവം കഴിഞ്ഞാൽ പാവപ്പെട്ടവന് നീതി ധർമ്മങ്ങൾ ലഭിക്കുന്നത് കോടതിയിലാണ്. അവിടെ തകിടം മറിഞ്ഞാൽ പാവപ്പെട്ടവരുടെ വിശ്വാസം തകരും. കുരുടൻ മൂങ്ങ എന്ന ഏകാങ്കം ഉന്നയിക്കുന്ന ചോദ്യവുമിതാണ്.

കാലഘട്ടത്തിന്റെ ശബ്ദമാണ് ഈ നാടകം കേൾപ്പിക്കുന്നത്. ഏതൊരു ശൂന്യതയിലും ഒരു കൊടുങ്കാറ്റ് ഒളിച്ചിരിപ്പുണ്ടെന്ന് ഗായത്രിയുടെ കുരുടൻ മൂങ്ങ നമ്മെ ഓർമ്മപ്പെടുത്തുന്നു. ചലച്ചിത്ര നടൻ ശിവജി ഗുരുവായൂരാണ് മുകുന്ദൻ മാഷായി അരങ്ങിൽ ജീവിക്കുന്നത്. ശിവജിയുടെ ശരീരഭാഷയിലും നടനവൈഭവത്തിലും ഉള്ളെരിയുന്ന കുന്നുംപുരയ്ക്കൽ മുകുന്ദൻ മാഷുടെ ഭാവഭേദങ്ങൾ അവിസ്മരണീയമാകുന്നു. വർണ്ണങ്ങളുടെയും വരയുടെയും ലോകത്ത് അൽഭുതങ്ങൾ വിതാനിക്കുന്ന ഗായത്രി നാടകത്തിലും പുതിയൊരു ദിശാസൂചികയാണ് കുരുടൻ മൂങ്ങയിലൂടെ അടയാളപ്പെടുത്തുന്നത്.

ചില കളിനിയോഗങ്ങൾ

ചില തരം ഓർമ്മകളുണ്ട്. എത്ര തല്ലിക്കെടുത്തിയാലും മനസ്സിന്റെ നിഗൂഢമായൊരു കോണിലിരുന്ന് പിന്നെയും ഒരു തീക്കണ്ണായി ജ്വലിക്കും - ചില കളിനിയോഗങ്ങളുടെ ഉള്ളറയിലേക്കുള്ള മുഖമൊഴിയാണിത്. ഓർമ്മകളും യാഥാർത്ഥ്യങ്ങളും കൊണ്ട് പൂത്തുനിൽക്കുന്ന കുറെ മനസ്സുകൾ തുറന്നിടുകയാണ് റഹ്മാൻ കിടങ്ങയത്തിന്റെ പുതിയ നോവൽ. ഒരു ഏറനാടൻ ഗ്രാമത്തിന്റെ ചരിത്രവും വർത്തമാനവും അടയാളപ്പെടുത്തുന്ന പുസ്തകം. ശ്രീധരൻ, സൈതാലി എന്നീ സുഹൃത്തുക്കളിലൂടെയും വാസുവിന്റെയും ജീവിതവൃത്താന്തത്തിലൂന്നിയാണ് റഹ്മാൻ കിടങ്ങയം കഥ പറയുന്നത്. കൗമാരത്തിലേക്ക് കാലൂന്ന വാസുവിന്റെയും രാമൻ കുട്ടിയുടെയും കാഴ്ചയിലൂടെ വികസിക്കുന്ന കഥാഘടനയിൽ സൗദാമിനി, ആയിശ, ജാനു എന്നിങ്ങനെ നിരവധിപേരുണ്ട്. അവരുടെ ജീവിതവുമുണ്ട്. മലയാള നോവലിൽ ഗ്രാമത്തിന്റെ തളിർപ്പ് വീണ്ടും അനുഭവപ്പെടുത്തുന്ന കൃതിയാണ് ചില കളിനിയോഗങ്ങൾ. പ്രകൃതിയും മനുഷ്യരും ജീവജാലങ്ങളുമെല്ലാം വേർപിരിക്കാൻ കഴിയാത്ത വിധത്തിൽ ഇതിൽ ഇഴചേർന്ന് കിടക്കുന്നു- അവതാരികയിൽ ആലങ്കോട് ലീലാകൃഷ്ണൻ-(തുളുനാട് പബ്ലിക്കേഷൻസ്, 40 രൂപ).

ചില തരം ഓർമ്മകളുണ്ട്. എത്ര തല്ലിക്കെടുത്തിയാലും മനസ്സിന്റെ നിഗൂഢമായൊരു കോണിലിരുന്ന് പിന്നെയും ഒരു തീക്കണ്ണായി ജ്വലിക്കും – ചില കളിനിയോഗങ്ങളുടെ ഉള്ളറയിലേക്കുള്ള മുഖമൊഴിയാണിത്.

റഹ്മാൻ കിടങ്ങയം

റഹ്മാൻ കിടങ്ങയത്തിന്റെ പുസ്തകം

കവിത

നൗഷാദ് പൂളമണ്ണ

ഉമ്മയുടെ ശകാരം

വയറു നിറയെ
ഭക്ഷിക്കാതിരുന്നതിന്
പുതപ്പില്ലാതെ
കിടന്നുറങ്ങിയതിന്
കൂട്ടില്ലാതെ
തനിച്ചുപോയതിന്
മഴ
നനഞ്ഞു വന്നതിന്
എണ്ണ തേച്ചു
കുളിക്കാതിരുന്നതിന്
മധുരം നുണയാൻ
പണം ചോദിക്കാത്തതിന്.

അവസാനം,
പിടഞ്ഞു കിടന്നപ്പോൾ
ശൂന്യമായ
തിരിച്ചറിവിനോട്.
വേദനയുടെ
തിരിച്ചുവരവിനോട്.

നിലച്ചുപോയ സിംഫണി

സ്മരണ

ജോൺസൺ ഐരൂർ

കലാ സാംസ്കാരിക രംഗത്ത് ജമാൽകടവത്തിന്റെ സംഭാവന എന്താണ്? കെ.ടി മുഹമ്മദിന്റെയും ഇബ്രാഹിം വേങ്ങരയുടെയും ശക്തമായ കഥാ പാത്രങ്ങളെ രംഗത്ത് അവതരിപ്പിച്ചുവെന്നതോ? വിചാരണ എന്ന ടെലിഫിലിമിലൂടെ ഒരു വളച്ചുകെട്ടുമില്ലാതെ (ഒരു പി.എൻ മേനോൻ ശൈലിയിൽ) നേരെ ചൊവ്വേ കഥ പറയാൻ കഴിയുമെന്ന് തെളിയിച്ചതോ? അതല്ല കേരളീയ സംഗീത ശിൽപങ്ങളെ കോർത്തിണക്കി സിംഫണി എന്ന സംഗീത ഫിലിം സംവിധാനം ചെയ്തതോ?

ഇപ്പറഞ്ഞ എല്ലാറ്റിലും തന്റെ കയ്യൊപ്പ് ചാർത്തിയതാണെങ്കിലും കൈരളി ടി.വി സംപ്രേഷണം ചെയ്ത സിംഫണി തന്നെയാണ് ജമാലിന്റെ ഉത്തമ സൃഷ്ടി. സംഗീതജ്ഞനായ കാഞ്ഞങ്ങാട് രാമചന്ദ്രൻ ഒരുക്കിയ കേരളീയ സംഗീതത്തിന്റെ മനോഹരമായ ദൃശ്യാവിഷ്കാരമായിരുന്നു സിംഫണി. തിരുവാതിരക്കളിയും ദഫ്മുട്ടും, ചവിട്ടുനാടകവും, കഥകളിയും, ഓട്ടംതുള്ളലും, സോപാനസംഗീതവും, തായമ്പകയും ചേർന്നുള്ള ദൃശ്യങ്ങൾ ആസാദ് മൂപ്പന്റെ ക്യാമറ ഒപ്പിയെടുത്തപ്പോൾ അത് മലയാളത്തിന്റെ ഒന്നാംകിട ചലച്ചിത്ര ശിൽപമായി മാറി. ഗാനങ്ങളില്ലാതെ വെറും സംഗീതം മാത്രമായശിൽപം.

നിലമ്പൂരിന്റെ പ്രകൃതി ഭംഗി പൗർണ്ണമി രാത്രിയുടെ സ്വാഭാവികതയിൽ ഒപ്പിയെടുത്ത ആ ഫ്രെയിമുകൾ ആരെയും അതിശയിപ്പിക്കുന്നതായിരുന്നു. പല കാരണങ്ങൾ കൊണ്ട് അതിന്റെ ടെലികാസ്റ്റിംഗ് നീണ്ടു പോവുകയും ക്ലിപ്പിംഗുകൾ സ്റ്റുഡിയോവിൽ നിന്ന് പുറം വാതിലിലൂടെ ചിലർ കരസ്ഥമാക്കുകയും ദുർ വിനിയോഗം ചെയ്യുകയും ചെയ്തതോടെ അതിന്റെ ടെലികാസ്റ്റിംഗ് മുടങ്ങി. (പുതിയ ടെക്നോളജിയുടെ ഇടിച്ചു കയറ്റം ഇതിനെ ഷെഡ്ഡിലാക്കുന്നതിന് മുമ്പ് തന്നെ പി.വി അബ്ദുൽ വഹാബ് എം.പിയുടെ സഹായത്തോടെ അത് ടെലികാസ്റ്റ് ചെയ്യപ്പെട്ടു).

പ്രക്ഷുബ്ധമായ എഴുപതുകൾ. അക്കാലത്താണ് ഞങ്ങൾ തമ്മിൽ പരിചയപ്പെടുന്നത്. കോഴിക്കോട് പന്നിയങ്കര വാളിയാടി എസ്റ്റേറ്റ് ലോഡ്ജിലെ അന്തേവാസികളായിരുന്നു ഞങ്ങൾ. വിപ്ലവം, ആദർശം പ്രേമം, സംഗീതം, സാഹിത്യം, കല,ലഹരി ഇതെല്ലാം സമ്മേളിച്ച എഴുപതുകളിലെ യൗവ്വനം. അവിടുന്ന് പിരിഞ്ഞ ഞങ്ങൾ വീണ്ടും കണ്ടുമുട്ടുമ്പോൾ ഞാൻ എഴുത്തും പത്രപ്രവർത്തനവും വിട്ട് ഹിപ്നോട്ടിസത്തിന്റെ പാതയിലൂടെ സഞ്ചാരം തുടങ്ങിയിരുന്നു. ജമാൽ പ്രവാസി ജീവിതം അവസാനിപ്പിച്ച് കലിംഗയുടെയും,ചിരന്തനയുടെയും നാടകങ്ങളിൽ അഭിനയിച്ച് പേരും പെരുമയും നേടിയിരുന്നു.

ഒരിക്കൽ കെ.ടി മുഹമ്മദ് ഒരു സ്വകാര്യ സംഭാഷണത്തിൽ പറഞ്ഞു. അവനുണ്ടെല്ലോ, നിന്റെ കൂട്ടുകാരൻ ജമാൽ, അവൻ നേരെയായി വരാൻ കുറെ സമയമെടുത്തു.

ജമാൽ ഒരിക്കൽ പറഞ്ഞു: കെ.ടി മനസ്സിൽ വിചാരിക്കുന്ന സാധനം എന്റെ മനസ്സിൽ നിന്നിറങ്ങി വരണ്ടേ? ഞാനെങ്ങിനെയൊക്കെ ചെയ്തിട്ടും കെ.ടിയ്ക്ക് തൃപ്തി വരുന്നില്ല. ഒടുവിൽ നിരാശനായി ഞാൻ ചുവരിൽ തലയടിച്ചു കരഞ്ഞു... ആവികാര വിസ്ഫോടനം കഴിഞ്ഞുവന്ന് ഞാൻ എന്റെ ശരീര ഭാഷയിൽ കെ.ടിയുടെ കഥാപാത്രത്തെ ഇങ്ങു പുറത്തു കൊണ്ടുവന്നു. കെ.ടിയുടെ മുഖം തെളിഞ്ഞതപ്പോഴാണ്. ജമാലിന്റെ സംഗീതാത്മകമായ ശരീര ഭാഷ കെ.ടിയുടെ ശിക്ഷണത്തിന് വിധേയമായപ്പോൾ അസാധാരണമായ പ്രകടനങ്ങളാണ് കാഴ്ചവെച്ചത്. പക്ഷെ ജമാൽ അവിടെ ഒതുങ്ങിനിന്നില്ല. ചലച്ചിത്ര ലോകമായിരുന്നു സങ്കൽപത്തിലെ മേച്ചിൽപുറം. അതിന്റെ മുന്നോടിയായാണ് വിചാരണ എന്ന ടെലിഫിലിം ചെയ്തത്. ഇബ്രാഹിം വേങ്ങര തിരക്കഥയും സംഭാഷണവും രചിച്ച വിചാരണയിൽ മാടമ്പ് കുഞ്ഞുക്കുട്ടൻ, നിർമ്മല മലയത്ത്, സുധീഷ് തുടങ്ങിയ പല പ്രഗൽഭരും അഭിനയിച്ചിരുന്നു. നിലമ്പൂരിൽ നാലകത്ത് വീരാൻ ഹാജിയുടെ തറവാട്ടിൽ ഷൂട്ടിംഗ് പൂർത്തിയാക്കിയ ചിത്രം ദൂരദർശൻ സംപ്രേഷണം ചെയ്തു. നിലമ്പൂരിൽ ജമാലിന് വലിയൊരു സൗഹൃദവലയ മുണ്ടായിരുന്നു. പി.വി അബ്ദുൽ വഹാബ്, മജീഷ്യൻ ആർ.കെ മലയത്ത്, നിസരി സിദ്ദീഖ്,വിൻസന്റ് ഗോൺസാഗ് തുടങ്ങിയ പ്രമുഖർ അവരിൽ ചിലരാണ്.

വിചാരണയുടെ വിജയമാണ് സിംഫണി ചെയ്യാൻ ജമാലിനെ പ്രേരിപ്പിച്ചത്. ഇതിനിടയിലാണ് ജമാൽ പുത്തനത്താണിയിൽ നാഷണൽ ജ്വല്ലറി എന്നപേരിൽ സ്വർണ്ണ വ്യാപാരം തുടങ്ങിയത്. കച്ചവടം ജമാലിന് പറ്റിയ പണിയായിരുന്നില്ല.അത് കൊണ്ട് തന്നെ എട്ടുനിലയിൽ പൊട്ടി. പിന്നീടാരംഭിച്ച ഭക്ഷണശാലയും മുന്നോട്ട് പോയില്ല. സമൂഹത്തോട് ഉത്തരവാദിത്വം വെച്ചുപുലർത്തുന്ന കലാകാരനെങ്ങനെ കച്ചവടക്കാരനാകും.

ജമാലിന് കലാപ്രവർത്തനങ്ങൾ ജീവിതോപാധിയായിരുന്നില്ല. തന്റെ ഗുരുവായ കെ.ടി മുഹമ്മദിനെപോലെ തന്നെ കല തന്നെയായിരുന്നു ജീവിതവും.

അദ്ദേഹത്തിന്റെ ജീവിതത്തിൽ നിന്ന് കലയേയും സംഗീതത്തെയും നാടകത്തെയും വേർതിരിച്ചെടുക്കാൻ കഴിയുമായിരുന്നില്ല.

തന്റെ ജീവിതത്തിന്റെ അവസാനകാലം വൃക്ക രോഗത്തെ തുടർന്ന് മരണത്തോട് മല്ലിട്ടാണ് അദ്ദേഹം കഴിച്ചു കൂട്ടിയത്.

പി.വി. അബ്ദുൽ വഹാബ് എം.പി, ജോൺസൺ ഐരൂർ, ആർ.കെ. മലയത്ത് എന്നിവരോടൊപ്പം ജമാൽ കടവത്ത്.

ജമാൽ ഒരിക്കൽ പറഞ്ഞു: കെ.ടി മനസ്സിൽ വിചാരിക്കുന്ന സാധനം എന്റെ മനസ്സിൽ നിന്നിറങ്ങി വരണ്ടേ? ഞാനെങ്ങിനെയൊക്കെ ചെയ്തിട്ടും കെ.ടിയ്ക്ക് തൃപ്തി വരുന്നില്ല. ഒടുവിൽ നിരാശനായി ഞാൻ ചുവരിൽ തലയടിച്ചു കരഞ്ഞു... ആവികാര വിസ്ഫോടനം കഴിഞ്ഞുവന്ന് ഞാൻ എന്റെ ശരീര ഭാഷയിൽ കെ.ടിയുടെ കഥാപാത്രത്തെ ഇങ്ങു പുറത്തു കൊണ്ടുവന്നു. കെ.ടിയുടെ മുഖം തെളിഞ്ഞതപ്പോഴാണ്. ജമാലിന്റെ സംഗീതാത്മകമായ ശരീര ഭാഷ കെ.ടിയുടെ ശിക്ഷണത്തിന് വിധേയമായപ്പോൾ അസാധാരണമായ പ്രകടനങ്ങളാണ് കാഴ്ചവെച്ചത്.